മലർവാടി
സ്കൂൾ മുറ്റം

കേരളത്തിലെ ആദ്യകാല വിദ്യാഭ്യാസ സമ്പ്രദായത്തിലേക്ക് ഒരെത്തിനോട്ടം.

# വിദ്യാലയ പുരാണം

■ ശാഹിന തറയിൽ

## കുടിപ്പള്ളിക്കൂടം

ആദ്യകാലത്തുണ്ടായിരുന്ന ഏകാധ്യാപക പ്രാഥമിക വിദ്യാലയം. ഇതിലെ അധ്യാപകൻ ആശാൻ എന്നറിയപ്പെട്ടു. പലപ്പോഴും ആശാന്റെ വീടുതന്നെയായിരിക്കും വിദ്യാലയം. കുട്ടികൾ അധികമുണ്ടെങ്കിൽ അവർക്ക് സൗകര്യമായിരിക്കാൻ ഓലമേഞ്ഞ ഷെഡ്ഡുകൾ ഉണ്ടാക്കുന്നു. അതിരാവിലെ മുതൽ പഠനം തുടങ്ങും. ശിഷ്യന്മാർ ഗുരുവിനെ ശ്രദ്ധിച്ചിരിക്കും. ഗുരു ചൊല്ലിപ്പഠിപ്പിക്കുന്നത് കേട്ടും കണ്ടും പഠിക്കണം. ഓലയിൽ എഴുതാനും പഠിപ്പിക്കും. നന്നായി എഴുതാൻ കഴിവു നേടുന്നവർക്ക് കോവിലകങ്ങളിലും കൊട്ടാരങ്ങളിലുമൊക്കെ വേഗം ജോലി ലഭിക്കും. നിലത്തു പൊടിമണൽ വിരിച്ച് അതിൽ എഴുതി പഠിപ്പിച്ചിരുന്നു. നിലത്തെഴുത്തും കൂട്ടിവായനയും കഴിഞ്ഞാൽ ഗണിതം, ജ്യോതിഷം, അമരകോശം, അഷ്ടാംഗഹൃദയം, കാവ്യം തുടങ്ങിയവ പഠിപ്പിച്ചിരുന്നു.

## എഴുത്താണി

എഴുത്തോലയിൽ മഷികൊണ്ട് എഴുതാറില്ല. ആണിപോലെ കൂർത്ത മുനയുള്ള ഉപകരണം കൊണ്ട് ഓലയിൽ അക്ഷരങ്ങൾ കോറിയിടുകയായിരുന്നു. അതിനുള്ള ഉപകരണമാണ് എഴുത്താണി. നാരായം എന്നും ഇതറിയപ്പെട്ടു. ഇത് ഇരുമ്പ്കൊണ്ടുള്ളതായിരുന്നു. ഒട്ടകപക്ഷിയുടെ തൂവൽ ഉപയോഗിച്ചും പണ്ട് എഴുതിയിരുന്നു.

തമോഗർത്തം (black hole) എന്ന പദം ആദ്യമായി ഉപയോഗിച്ചത്– ജോൺ വീലർ



## ഗുരുകുലം

ബ്രാഹ്മണ വിദ്യാർത്ഥികൾക്കായി ക്ഷേത്രങ്ങളോട് ചേർന്ന് ഉണ്ടായിരുന്ന പാഠശാലകളാണ് ഗുരുകുലങ്ങൾ. കാവ്യങ്ങൾ ന്യായം, വേദാന്തം, വ്യാകരണം, അലങ്കാരം, ആയുർവേദം, ജ്യോതിഷം, ശിൽപം, സംഗീതം തുടങ്ങിയവ പഠിപ്പിച്ചു. ചില ഗുരുകുലങ്ങളിൽ അശ്വവിദ്യയും ജാലവിദ്യയും വരെ പഠിപ്പിക്കുമായിരുന്നു.

## ഓത്തുപള്ളി



മുസ്ലിം കുട്ടികൾക്ക് പ്രാഥമിക മതപഠനത്തിനുള്ള വിദ്യാലയമായിരുന്നു ഓത്തുപള്ളി. ഖുർആനോടൊപ്പം അറബിഭാഷയും പഠിപ്പിച്ചിരുന്നു. ഓത്തുപള്ളി വിദ്യാഭ്യാസത്തിന് കാലയളവ് നിശ്ചയിക്കപ്പെട്ടിരുന്നില്ല. മേൽപറഞ്ഞ കാര്യങ്ങൾ പഠിക്കാൻ കുട്ടികൾ എത്ര കാലം വേണമോ അത്രയും കാലം പഠിക്കാം. ഓത്തുപള്ളിയുടെ പരിഷ്കൃത രൂപമാണ് ഇന്നത്തെ ബഹു അധ്യാപക മദ്രസകൾ.

ഏതാണ്ട് കുടിപള്ളിക്കൂടം പോലെത്തന്നെയായിരുന്നു ഓത്തുപള്ളിയുടെയും പ്രവർത്തനം. അധ്യാപകൻ മൊല്ലാക്ക എന്നറിയപ്പെട്ടു. ഇസ്ലാം മതത്തിലെ അനുഷ്ഠാന മുറകൾ, അറബി അക്ഷരങ്ങളുടെ എഴുത്തും വായനയും, ഖുർആൻ പാരായണം എന്നിവയാണ് ഓത്തുപള്ളിയിൽ പഠിപ്പിച്ചിരുന്നത്. ചില ഓത്തുപള്ളികളിൽ അറബിമലയാളവും എഴുതാനും വായിക്കാനും പഠിപ്പിച്ചിരുന്നു.

## നിലത്തെഴുത്ത്

എഴുത്തു ശീലിക്കാൻ നിലത്തെഴുത്ത് ഓലയിലെഴുത്ത് എന്നിങ്ങനെ രണ്ട് പരിശീലന രീതികളുണ്ടായിരുന്നു. അഞ്ചാം വയസ്സിൽ എഴുത്തിനിരുത്ത് (വിദ്യാരംഭം) കഴിഞ്ഞ ശേഷമാണ് നിലത്തെഴുത്ത് ശീലിപ്പിക്കുക. നിലത്ത് പൂഴി വിരിച്ചിട്ട് അതിൽ എഴുതി പഠിക്കുന്ന രീതിയാണിത്. ആശാൻ പനയോലകളിൽ എഴുതിക്കാണിക്കുന്നത് കുട്ടികൾ പൂഴിയിൽ എഴുതി പഠിക്കുന്നു.

## എഴുത്തോല



കരിമ്പനയുടെ തളിരോല ഉണക്കി, വെള്ളത്തിലിട്ട് കുതിർത്ത ശേഷം മിനുസപ്പെടുത്തി മുറിച്ചെടുത്ത് ഉണ്ടാക്കുന്ന എഴുത്തോലയിലാണ് പണ്ട് എഴുത്തു കുത്തുകൾ നടത്തിയിരുന്നത്. സാഹിത്യരചന മുതൽ കണക്കെഴുത്ത്, ആധാരം, സന്ദേശങ്ങൾ തുടങ്ങിയവയൊക്കെ എഴുത്തോലയിൽ നടത്തിയിരുന്നു.

ബട്ടൻ, പേന, ചീപ്പ് ഇവയുണ്ടാക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഇനം– ഗാലലൈറ്റ്



ചിത്രം 38. അറബിമലയാള ലിപി മാതൃക

## അറബി മലയാളം

മലയാളം അറബിഭാഷയിൽ എഴുതുന്നതാണ് അറബി മലയാളം ഭാഷ. ഇതിനായി പ്രത്യേകം അക്ഷരമാല ഉണ്ട്. പഴയ കാലത്ത് ഓത്തുപള്ളികളിൽ ഉപയോഗിച്ചിരുന്ന ഭാഷയാണിത്. പുരാതന മുസ്‌ലിം പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും ഖുർആൻ പരിഭാഷയുമൊക്കെഅറബിമലയാളത്തിൽ രചിച്ചവയാണ്.

## ഗുരുദക്ഷിണ

ഗുരുകുലങ്ങളിൽ കുട്ടികളുടെ വിദ്യാരംഭത്തിൽ ഗുരുനാഥന്മാർക്ക് സമർപ്പിക്കുന്ന ദ്രവമാണ് ഗുരുദക്ഷിണ. വെറ്റിലയും അടക്കയുമെല്ലാം ദക്ഷിണയിലുണ്ടാകും. സമ്പന്നർ അവയോടൊപ്പം പണവും ദക്ഷിണയായി സമർപ്പിച്ചിരുന്നു.

## കൈയെഴുത്ത്

മുസ്‌ലിം കുട്ടികളുടെ അക്ഷരാഭ്യാസത്തിന്റെ തുടക്കത്തിൽ ആദ്യമായി ഓത്തു ചൊല്ലുന്ന മുസ്‌ലിം കുട്ടികളുടെ കൈവെള്ളയിൽ മൊല്ലാക്ക ഏതാനും വരികൾ എഴുതുമായിരുന്നു. അത് കൈയെഴുത്ത് എന്നറിയപ്പെട്ടു.

## ആശാൻ കൂലി

പള്ളിക്കൂടങ്ങളിലും മറ്റും കുട്ടികളെ പഠിപ്പിച്ചിരുന്ന ആശാന്മാർക്ക് ഓണക്കാലത്തും വിഷുവിനും മറ്റും നൽകിയിരുന്ന സമ്മാനങ്ങളെയാണ് ആശാൻ കൂലിയെന്നു വിളിച്ചിരുന്നത്. നെല്ലും കാർഷിക വിളകളുമൊക്കെയായിരുന്നു ആശാൻ കൂലി. ഓത്തുപള്ളിയിലെ മൊല്ലമാർക്കും കൃത്യമായ ശമ്പളമുണ്ടായിരുന്നില്ല. വ്യാഴാഴ്ചതോറും കുട്ടികൾ നൽകുന്ന ചില്ലറതുട്ടുകളായിരുന്നു അവരുടെ വരുമാനം ഇത് വ്യാഴാഴ്ചകാശ് എന്നറിയപ്പെട്ടു.

പ്ലാസ്റ്റിക് കവറുകൾ നിർമിക്കാനുള്ള പ്ലാസ്റ്റിക് ഇനം– പോളിത്തീൻ